## പതിനാറാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 995** **29-06-2026-ൽ മറുപടിയ്ക്ക്**

## <u>ഫ്ലൈ ഓവർ നിർമ്മാണം</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. ബി. ബി. ഗോപകുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** തിരുവനന്തപുരം നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി ഫ്ലൈ ഓവറുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിൽ പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>**

പരിഗണനയിൽ ഉണ്ട്. തിരുവനനന്തപുരം നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമായും, തിരുവനന്തപുരം മെട്രോ നിർമ്മാണത്തിന് മുന്നോടിയായും, ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാല നിർമ്മാണത്തിന് 08.09.2016 തീയതിയിലെ സ.ഉ.(എം.എസ്) 67/2016/പിഡ്ബ്ല്യുഡി നമ്പർ സർക്കാർ ഉത്തരവു പ്രകാരം അംഗീകാരം നൽകിയിരുന്നു. ഇതിൽ ശ്രീകാര്യം മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. സർവ്വീസ് റോഡുകളുടെയും, ഓടകളുടെയും നിർമ്മാണവും KSEB, KWA എന്നീ വിഭാഗങ്ങളുടെ Utility Shifting പ്രവർത്തികളും നടന്നു വരുന്നു.

പട്ടം, ഉള്ളൂർ, മേൽപ്പാലങ്ങളുടെ തുടർ നടപടികൾ തിരുവനന്തപുരം മെട്രോയുടെ പുതുക്കിയ ഡി.പി.ആർ.-ന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ആരംഭിക്കും.

കെ.ആർ.എഫ്.ബി-യുടെ കീഴിൽ വരുന്ന LMS മുതൽ വെള്ളയമ്പലം വരെയുള്ള ഫ്ലൈ ഓവർ റോഡിൽ നിർമ്മാണ സാധ്യതാ പഠനത്തിനായി NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിനായി കൂടുതൽ ഫ്ലൈ ഓവറുകൾ നിർമ്മിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**(ബി)** പദ്ധതി നടത്തിപ്പിന്റെ മെല്ലെ പോക്ക് കാരണം ശ്രീകാര്യം ഫ്ലൈ ഓവർ നിർമ്മാണം നടക്കുന്ന മേഖലയിൽ യാത്രക്കാർ നേരിടുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീകാര്യം മേൽപ്പാല നിർമ്മാണം ചാവടിമുക്ക് ഭാഗത്ത് യൂണിയൻ ബാങ്കിന്റെ മുന്നിൽ നിന്ന് ആരംഭിച്ച് കല്ലംപള്ളി ഭാഗത്ത് സ്റ്റുഡിയോ-യ്ക്ക് മുൻപിൽ അവസാനിക്കുന്ന രീതിയിലാണ് ഡിസൈൻ ചെയ്തിരിക്കുന്നത്. നിലവിൽ ഉള്ള ദേശീയപാതയിൽ ഇളംകുളം ക്ഷേത്രത്തിന് മുൻപിൽ ക്രോസ് ഡ്രെയിൻ-ന്റെ നിർമ്മാണം മാത്രമാണ് നടക്കുന്നത്. ഈ ഭാഗത്ത്

സർവ്വീസ് റോഡിലേക്ക് തിരിച്ചു വിട്ട് ഗതാഗതം സുഗമമാക്കിയിട്ടുണ്ട്. പദ്ധതി പ്രദേശത്ത് ദേശീയപാതയിൽ ഉണ്ടാകുന്ന തടസ്സം അപ്പോൾ തന്നെ പരിഹരിക്കുന്നുണ്ട്.

**(സി)** ശ്രീകാര്യം ഫ്ലൈ ഓവറിന്റെ ഡിസൈൻ അശാസ്ത്രീയമാണെന്നും ഈ ഫ്ലൈ ഓവർ ചാവടിമുക്കിൽ നിന്നും ആരംഭിച്ച് കല്ലമ്പള്ളിയിൽ അവസാനിപ്പിക്കണമെന്നുമുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**മറുപടി:** ഡി.എം.ആർ.സി., നാറ്റ് പാക് എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം നടത്തിയ വിശദ പഠനങ്ങളും സ്റ്റേക് ഹോൾഡർ മീറ്റിംഗുകളും അനുസരിച്ചാണ് ശ്രീകാര്യം മേൽപ്പാലം രൂപകൽപ്പന ചെയ്തിട്ടുള്ളത്. പ്രസ്തുത പഠനങ്ങളിൽ മേൽപ്പാലം കഴിഞ്ഞുള്ള ഭാഗങ്ങളിൽ റോഡ് വികസനമാണ് നിർദ്ദേശിച്ചുള്ളത്.

**സെക്ഷൻ ഓഫീസർ**